# അലകൾ

══ ദ്വൈവാരിക ══

(കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ മുഖപത്രം)

പുസ്തകം 3 ലക്കം 74 ❖ തിരുവനന്തപുരം ❖ 2010 ജൂലൈ 1–16 www.alakal.net വില 2 രൂപ



**അലകളുടെ വരിസംഖ്യ പുതുക്കുക**

**അലകൾ തപാലിൽ ലഭിക്കാൻ 50 രൂപ മണിയോർഡറായി അയക്കുക**

*വിലാസം*

മാനേജർ, അലകൾ, ഗരുഡാ ബിൽഡിംഗ്സ്,
ജി.പി.ഒ. ലെയിൻ, സ്റ്റാച്യൂ,
തിരുവനന്തപുരം - 695 001


# പരിസ്ഥിതി മന്ത്രാലയത്തിന്റെ 2010 സി ആർ സെഡ് കരടു രൂപരേഖ വിജ്ഞാപനം മത്സ്യതൊഴിലാളികളും പരിസ്ഥിതിവാദികളും നിരസിക്കുകയുണ്ടായി

## പാലിക്കപ്പെടാത്ത വാഗ്ദാനങ്ങൾ തിരിച്ചടിയേറ്റ പ്രതീക്ഷകൾ

ചെന്നൈ: ദേശീയ മത്സ്യതൊഴിലാളി ഫോറം (എൻ എഫ് എഫ്), മത്സ്യതൊഴിലാളികളെ പിന്തുണയ്ക്കുന്ന സംഘടനകൾ, പരിസ്ഥിതി സംഘടനകൾ എന്നിവ അടക്കമുള്ളവരുടെ ഒരു വിശാല കൂട്ടായ്മയായ ദേശീയ തീരസംരക്ഷണ കാംപെയ്ൻ (എൻ സി.പി.സി.) സംയുക്തമായി പരിസ്ഥിതി മന്ത്രാലയത്തിന്റെ സി.ആർ. സെഡ് 2010 കരടു രൂപരേഖ വിജ്ഞാപനം ജനവിരുദ്ധവും പരിസ്ഥിതി വിരുദ്ധവും വ്യവസാസികൾക്ക് അനുകൂലവും ആയതിനാൽ നിരസിക്കുകയുണ്ടായി. (1) 2009 ആഗസ്റ്റിനും 2010 മാർച്ചിനും ഇടയിൽ മന്ത്രി ജയ്റാം രമേശിന്റെ സാന്നിധ്യത്തിൽ നടന്ന പൊതു അഭിപ്രായ സമാഹരണ വേളയിൽ ഉന്നയിച്ച മിക്ക ഉൽകണ്ഠകളും പ്രശ്നങ്ങളും പരിഗണിക്കപ്പെടാം എന്ന് മന്ത്രിയുടെ ഉറപ്പുപോലും പാലിക്കപ്പെടാതെ, അവഗണിക്കപ്പെട്ടിരിക്കുകയാണ്.

തീരപ്രദേശങ്ങളിലെ നാശോന്മുഖമായ വികസനം കാര്യക്ഷമമായി നിയന്ത്രിക്കാനും പരമ്പരാഗത മത്സ്യതൊഴിലാളികളുടെ ജീവനും സ്വത്തും സംരക്ഷിക്കാനും മെച്ചപ്പെട്ട നിയമനടപടികൾ കൈക്കൊള്ളാമെന്ന ജയ്റാം രമേശിന്റെ ഉറപ്പിൽ ഞങ്ങൾ വൻ പ്രതീക്ഷയാണ് അർപ്പിച്ചിരുന്നത് എന്നാൽ കരട് രൂപരേഖ ഇരട്ട നിരാശയാണ് നൽകുന്നത്. ഇന്ത്യൻ തീരപ്രദേശങ്ങളിലെ അനിയന്ത്രിതമായ വ്യവസാവൽക്കരണം നിയന്ത്രിക്കാൻ രൂപരേഖ അപര്യാപ്തമാണ്. അതുപോലെ തന്നെ മത്സ്യതൊഴിലാളി സമൂഹത്തിന്റെ ജീവിക്കാനും താമസിക്കാനും ഉള്ള അവകാശം ഉറപ്പാക്കുന്നതിലും ഇത് പരാജയപ്പെടുന്നു, പകരം ചില ഇളവുകൾ മാത്രമാണ് അത് നൽകുന്നതെന്ന് എൻ.സി.പി.സി. കൺവീനർ വി.വിവേകാനന്ദൻ പറഞ്ഞു.

ഉയർന്ന തിരമാലയുള്ള പ്രദേശങ്ങളിൽ കരയിൽ നിന്ന് 50 മീറ്റർ ഉള്ളിലേയ്ക്ക് വീടുകൾ നിർമ്മിക്കാനുള്ള അവകാശം കേരളത്തിലെ മത്സ്യതൊഴിലാളികൾ ഉന്നയിച്ചിരിക്കുന്നുവെന്ന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ പ്രസിഡന്റും എൻഎഫ് എഫിന്റെ സെക്രട്ടറിയുമായ ടി. പീറ്റർ പറഞ്ഞു. കേരളത്തിലെ പ്രത്യേക നിയമത്തിന്റെ പിൻബലത്തിൽ 'തദ്ദേശീയവാസികൾ' എന്ന അവകാശവാദം ഇപ്പോൾ ആർക്കും ഉന്നയിക്കാം. ഇത് ടൂറിസം ലോബികളുടേയും മറ്റ് സ്ഥാപിത താൽപര്യക്കാരുടേയും മത്സരത്തിൽ സ്വന്തം ഭൂമി നിലനിർത്താൻ പോരാടേണ്ടിവരുന്ന മത്സ്യതൊഴിലാളി സമൂഹത്തെ ഒന്നുകൂടി പാർശ്വവൽകരിക്കുകയേ ഉള്ളുവെന്ന് ടി. പീറ്റർ വെളുപ്പെടുത്തി.

എം.എസ്. സ്വാമിനാഥൻ കമ്മിറ്റി 2009 ൽ സമർപ്പിച്ച 'അന്തിമ അതിർത്തി' റിപ്പോർട്ടിലെ ശുപാർശകൾ മിക്കതും പാടേ അവഗണിച്ചിരിക്കുന്നുവെന്നതാണ് എടുത്തു പറയേണ്ടകാര്യം (2). തുറമുഖ വികസന പ്രശ്നത്തിന്റെ സഞ്ചിത പ്രത്യാഘാതങ്ങൾ പഠന വിധേയമാക്കുന്നതു വരെ പുതിയ തുറമുഖങ്ങൾക്കു വേണ്ടിയുള്ള ശ്രമങ്ങൾ നിർത്തിവയ്ക്കണമെന്ന് സ്വാമിനാഥൻ കമ്മിറ്റി ശുപാർശ ചെയ്തിരുന്നു. (3). എന്നാൽ, ഏറ്റവും നിർണ്ണായകമായ ആവാസ കേന്ദ്രങ്ങളെന്ന് നിരവധി പേർ ശുപാർശ ചെയ്ത ഇടങ്ങളിൽ നിന്ന് (സി. ആർ. സെഡ് 1 പ്രദേശങ്ങൾ) 25 കി. മീറ്റർ അകലെയായി ഒരു സോണിങ് സമ്പ്രദായത്തിലൂടെ തുറമുഖ വികസനം തടയാനുള്ള ശ്രമങ്ങൾ പോലും കരടു രൂപരേഖ കൈക്കൊള്ളുന്നില്ല.

വികസന പ്രവർത്തനങ്ങൾ കൊണ്ടുള്ള തീരപ്രദേശത്തിന്റെ വാഹക ശേഷി എന്ന പ്രശ്നം പൂർണമായും തഴയപ്പെട്ടിരിക്കുന്നു. സി.ആർ. സെഡ് 1 പ്രദേശങ്ങൾക്കും പാരിസ്ഥിതികമായി നിർണായകമായ പ്രദേശങ്ങൾക്കും അരികിൽ ഉള്ള മെഗാ തുറമുഖങ്ങളുടെ വ്യാപനം മുമ്പേ വിവാദ വിഷയമാണ്. കിഴക്കൻ തീരപ്രദേശങ്ങളിൽ ധമാരാ മുതൽ പശ്ചിമ തീരങ്ങളിലെ മുന്ദ്രയും താദ്രിയും വരെ ഈ പ്രശ്നം ആളിക്കത്തുകയാണ്. കരടു രൂപരേഖ ഈ സുപ്രധാന പ്രശ്നം അവഗണിച്ചുവെന്നു മാത്രമല്ല അത് തീരപ്രദേശങ്ങളിൽ അസ്ഥിരമായ വികസനത്തിനുള്ള വഴി തുറന്നു കൊടുക്കുകയും ചെയ്യുന്നുവെന്ന് ഗ്രീൻപീസ് ഇന്ത്യയുടെ ഓഷ്യൻസ് കാംപെയ്ൻ മാനേജർ സഞ്ജീവ് ഗോപാൽ പറഞ്ഞു.

ഇന്ത്യയുടെ പ്രമുഖ തീരപ്രദേശങ്ങളിൽ 300 തുറമുഖങ്ങൾക്ക് നിലവിൽ പദ്ധതിയിടുന്നുണ്ട്. ഇതിൽ 200 എണ്ണത്തിന് വിജ്ഞാപനം ഇറക്കുകയും ചെയ്തു. (4). ഓരോ 20 –25 കിലോമീറ്ററിലും ഓരോ തുറമുഖം എന്നു തന്നെ നമുക്ക് ഇതിനെ വായിക്കാം! തുറമുഖത്തിന്റെ പ്രത്യാഘാതങ്ങൾക്കും പുറമേ, തുറമുഖ വികസനത്തോടൊപ്പം മറ്റ് വ്യവസായങ്ങളും വൈദ്യുതി പ്ലാന്റുകളും റെയിൽവേ ലൈനുകളും, ഹൈവേകളും, സെസുകളും, ഭവന സമുച്ചയങ്ങളും ഒക്കെ വന്നെത്തും എന്നത് ഉറപ്പാണ്. ഇവ തീരദേശപ്രദേശത്തിന്റെ നാശം ഇരട്ടി വേഗത്തിലാക്കും. ഈ അനുപാതത്തിലുള്ള തുറമുഖ വികസനവും ചോദ്യം ചെയ്യപ്പെടേണ്ടതാണ്. പ്രത്യേകിച്ചും നിലവിലുള്ള എല്ലാ സുപ്രധാന തുറമുഖങ്ങളും വേണ്ട രീതിയിൽ വിനിയോഗിക്കപ്പെടാതിരിക്കുകയും ശേഷിയിലും കുറഞ്ഞ അളവിൽ പ്രവർത്തിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ.

തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിലും പരിപാലിക്കുന്നതിലും മത്സ്യതൊഴിലാളി സമൂഹത്തിന്റെ അവകാശങ്ങൾ അംഗീകരിക്കപ്പെടണമെന്ന സുസ്ഥിരമായ ആവശ്യം മുമ്പേ ഉന്നയിച്ചിട്ടുള്ളതാണ്. മത്സ്യതൊഴിലാളി സമൂഹത്തിന്റെ അവകാശങ്ങൾ അംഗീകരിക്കുന്നതിനും ഇളവുകൾ നൽകുന്നതിനും ഒരു അടിസ്ഥാന മാറ്റമാണ് ഇതിന് ആവശ്യമെന്ന് ദേശീയ മത്സ്യതൊഴിലാളി ഫോറത്തിന്റെ ചെയർപേഴ്സണും മുൻ ഗോവൻ വിനോദ സഞ്ചാര മന്ത്രിയുമായ മത്താനി സൽദാന പറയുന്നു. "എൻ.സി.പി.സിയും ദേശീയ മത്സ്യതൊഴിലാളി ഫോറവും പോലുള്ള സംഘടനകൾ ഉന്നയിച്ച പ്രത്യേക ആവശ്യങ്ങൾ ഇവയോടൊപ്പം ചേർക്കാനും ഇന്ത്യൻ തീരങ്ങളേയും അതിനെ ആശ്രയിച്ചു ജീവിക്കുന്ന സമൂഹത്തെയും ശക്തിപ്പെടുത്താനും ഉതകുന്ന വിജ്ഞാപനം പുറത്തിറക്കാനും ഞങ്ങൾ മന്ത്രാലയത്തോട് ആവശ്യപ്പെടുന്നു"

## റവ. എം.ജെ. ജോസഫിന് ആദരാഞ്ജലികൾ



തിരുവല്ല: കേരളത്തിലെ ആദിവാസി-ദളിത്-പിന്നോക്ക-സ്ത്രീ വിഭാഗങ്ങൾക്കിടയിലും മനുഷ്യാവകാശ സമരങ്ങളിലും ജനകീയ മുന്നേറ്റങ്ങളിലും ശക്തമായ നേതൃത്വം നൽകിയ റവ. എം. ജെ. ജോസഫ് ഡൈനാമിക് ആക്ഷൻ എന്ന സംഘടനയുടെ തെരുവു നാടകങ്ങളും ജനകീയ ഗാനങ്ങളും പരിസ്ഥിതി ഗാനങ്ങളും പുറത്തുവരുന്നതിന് നേതൃത്വം നൽകി.

കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെയും നാഷണൽ ഫിഷ്‌വർക്കേഴ്സ് ഫോറത്തിന്റെ സമരങ്ങളിൽ സജീവമായി പങ്കെടുക്കുകയും മത്സ്യതൊഴിലാളി സമരപ്രചരണ ജാഥകളിൽ തെരുവു നാടക സംഘത്തോടൊപ്പം സഞ്ചരിച്ച് മത്സ്യതൊഴിലാളികൾക്ക് സമരാവേശം പകരുകയും ചെയ്ത വ്യക്തിത്വത്തിന്റെ ഉടമയായ റവ. എം.ജെ.ജോസഫിന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ ആദരാഞ്ജലികൾ അർപ്പിച്ചു.

## ഏ.പി. ജയശീലന് ആദരാഞ്ജലികൾ

കണ്ണൂർ : കേരള ഫിഷറീസ് കോ-ഓർഡിനേഷൻ കമ്മിറ്റി ചെയർമാനും മത്സ്യതൊഴിലാളി കോൺഗ്രസ് പ്രസിഡന്റുമായ ഏ.പി. ജയശീലന്റെ നിര്യാണം മത്സ്യമേഖലയ്ക്ക് തീരാനഷ്ടമാണെന്ന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ അനുശോജന സന്ദേശത്തിൽ പറയുന്നു.

# ഇൻഡ്യയുടെ രഹസ്യ സ്വതന്ത്ര വ്യാപാര കരാറുകൾ – എന്തിന്? ആർക്കു വേണ്ടി?

**യൂ**റോപ്യൻ യൂണിയൻ - ഇൻഡ്യാ സ്വതന്ത്ര വ്യാപാര കരാറിനെ കുറിച്ച് ഉഭയകക്ഷി ചർച്ചകൾ 2007 ജൂണിൽ ആരംഭിച്ചിരുന്നു. 27 അംഗ യൂറോപ്യൻ രാജ്യ സംഘടനയുമായുള്ള ഇൻഡ്യയുടെ സ്വതന്ത്ര വ്യാപാര കരാർ നമ്മുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന തരത്തിലുള്ളതാണ്. നമ്മൾ ചുമത്തുന്ന ഇറക്കുമതി ചുങ്കത്തിൽ ഗണ്യമായ കുറവ് വരുത്തണമെന്ന് (എല്ലാ ചരക്കുകൾക്കും 25% വരെ കുറവ്) ഇതു കൊണ്ട് അർത്ഥമാക്കുന്നു. കൂടാതെ സേവന വ്യാപാരം, മുതൽ മുടക്ക് അവകാശങ്ങൾക്ക് മുൻഗണന, ബൗദ്ധിക സ്വത്ത് സംരക്ഷണത്തിന് കഠിനമാനദണ്ഡങ്ങൾ, ആരോഗ്യകരമല്ലാത്ത മത്സരനയങ്ങൾ, സർ ക്കാർ സംഭരണത്തിന് നിയന്ത്രണങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. രാജ്യത്തെ നയപരിപാടികളിലും, നിയമങ്ങളിലും എന്തെല്ലാം സംരക്ഷണ മുറകൾ ഏർപ്പെടുത്തിയാലും അവയെല്ലാം യൂറോപ്യൻ വ്യാപാര താത്പര്യങ്ങൾക്കു മുന്നിലും, ഇൻഡ്യയിലെ തന്നെ രാഷ്ട്രീയ-സാമ്പത്തിക പ്രമാണി വർഗ്ഗത്തിന്റെ മുന്നിലും നിർമ്മാർജ്ജനം ചെയ്യപ്പെടുന്നു. അത് വിഭവാധിഷ്ടിത സമൂഹത്തിന്റേയും, അദ്ധ്വാന വർഗ്ഗത്തിന്റേയും ജീവിതത്തിനും ഉപജീവനത്തിനും ഭീഷണിയാണെങ്കിൽ കൂടി. സ്വതന്ത്ര വ്യാപാരകരാറുകൾ സർക്കാരിന്റെ നിയമപരമായ ബാദ്ധ്യതയായി മാറുന്നു.

ഭക്ഷ്യ സുരക്ഷ, ഉപജീവനം, ആവശ്യസേവന ലഭ്യത എന്നിവയെ അപകടകരമായി ബാധിച്ചുകൊണ്ട്, ലോക വ്യാപാര കരാറുകളിലെ നിബന്ധനകൾക്കും ഉപരിയായി, സ്വതന്ത്ര വ്യാപാരകരാറുകൾ ചരക്കു വ്യാപാരത്തിൽ മാത്രമല്ല, ഇതര മേഖലകളായ സേവനം, മുതൽമുടക്ക്, ബൗദ്ധിക സ്വത്തവകാശം എന്നിവകളിലേക്ക് കൂടി കടന്നു കയറുന്നു. ഇത്തരം സ്വതന്ത്ര വ്യാപാരകരാറുകൾ പ്രാവർത്തികമാക്കുന്നതിന് പിറകിലുള്ളത് ഭാരത സർക്കാർ സ്പഷ്ടമാക്കേണ്ടിയിരിക്കുന്നു. പത്ത് ആസിയാൻ രാജ്യങ്ങളിലേയ്ക്കുള്ള വ്യാപാര സാദ്ധ്യതയെപ്പറ്റി സംസ്ഥാന മുഖ്യമന്ത്രിമാരോട് അഭിപ്രായമാരായാതെയാണ് ആസിയാൻ - ഇൻഡ്യാ സ്വതന്ത്ര വ്യാപാരക്കരാർ ഒപ്പിട്ടത്. അതീവ രഹസ്യമായിട്ടാണ് 'കൊറിയ-ഇൻന്ത്യ' സ്വതന്ത്ര വ്യാപാരകരാർ ഒപ്പിട്ടത്. ഭരണ ഘടന പ്രകാരം സ്റ്റേറ്റ് ലിസ്റ്റിലോ, കൺകറന്റ് ലിസ്റ്റിലോ ഉൾപ്പെട്ടതായ ഒട്ടനവധി വിഷയങ്ങൾ സംസ്ഥാനങ്ങളോടോ, പാർലമെന്റിലോ ചർച്ച ചെയ്യാതെ കേന്ദ്രസർക്കാർ പ്രാവർത്തികമാക്കുന്നു. ജനാധിപത്യ മുറകൾ, നയരൂപീകരണം, നിയമ നിർമ്മാണം എന്നിവയുടെ അടിസ്ഥാന സിദ്ധാന്തങ്ങൾ മാനിക്കാതെയും, വിവരങ്ങൾ സിവിൽ സൊസൈറ്റി ഗ്രൂപ്പുകളുമായോ പൊതുജനങ്ങളുമായോ പങ്കുവയ്ക്കാൻ തയ്യാറാകാതെയുമാണ് യൂറോപ്യൻ യൂണിയനും ഭാരത സർക്കാരും പ്രവർത്തിക്കുന്നത്. ലോക വ്യാപാര കരാർ ചട്ടക്കൂടിലെ, ബൗദ്ധികസ്വത്ത് മുതൽ മുടക്ക്, സർക്കാർ സംഭരണം എന്നീ വകുപ്പുകളിന്മേൽ നമുക്ക് കഠിനമായ എതിർപ്പുകൾ ഉണ്ടായിരുന്നു. എന്നിട്ടും ഇപ്പോൾ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ സ്വതന്ത്ര വ്യാപാരകരാറുകളിലും ഇതേ വകുപ്പുകൾ വീണ്ടും ശക്തമായി കടന്നു വരുന്നു - പൊതുജനങ്ങളേയും, ജനകീയ സംഘടനകളേയും ചിത്രത്തിൽ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട്.

## പ്രധാന ഉത്ക്കണ്ഠകൾ

### 1. ഉപജീവനത്തിന്മേലുള്ള ആഘാതം.

യൂറോപ്യൻ യൂണിയന്റെ തന്നെ പഠനങ്ങൾ പ്രകാരം സ്വതന്ത്ര വ്യാപാര കരാറുകൾ വഴി ഇൻഡ്യയിലേക്കുള്ള യൂറോപ്യൻ യൂണിയന്റെ കയറ്റുമതിയിൽ 17-18 ബില്ല്യൺ ഡോളർ വർദ്ധനവുണ്ടാകും. എന്നാൽ ഇൻഡ്യയുടെ കയറ്റുമതി വർദ്ധനവ് 5 ബില്ല്യൺ ഡോളറായിരിക്കും. ഇൻഡ്യയുടെ ഇറക്കുമതി ചുങ്കം അടുത്ത 7 വർഷത്തിനുള്ളിൽ ഇപ്പോഴത്തെ 95 ശതമാനത്തിൽ നിന്ന് പൂജ്യമോ, അതിനടുത്ത തലത്തിലേയ്ക്കോ, കുറവു വരുത്തുമ്പോൾ ഇറക്കുമതി ഗണ്യമായി ഉയരുന്നതാണ്. വിശേഷിച്ച് കാർഷിക ഉല്പന്നങ്ങളായ പഞ്ചസാര, തക്കാളി, ഡയറിപൗൾട്രി എന്നിവയ്ക്ക് യൂറോപ്യൻ യൂണിയൻ വമ്പിച്ച സബ്സിഡി ആനുകൂല്യങ്ങൾ നല്കുന്ന സാഹചര്യത്തിൽ സ്വതന്ത്ര വ്യാപാര കരാറുകൾക്ക് യൂറോപ്യൻ യൂണിയൻ സബ്സിഡികളിൻമേൽ ഒന്നും ചെയ്യാൻ കഴിയില്ല. ഇറക്കുമതി ചുങ്കത്തിൽ ഗണ്യമായ കുറവു വരുത്തുമ്പോൾ ഉണ്ടാകുന്ന ഇറക്കുമതി വർദ്ധനവ് കർഷകരേയും കർഷക തൊഴിലാളികളേയും ഗുരുതരമായി ബാധിക്കുകയും ചെയ്യും. നമ്മുടെ രാജ്യത്ത് ഭക്ഷ്യ സാധനങ്ങൾ എങ്ങനെ ഉല്പാദിപ്പിക്കണമെന്നും വിപണി നടത്തണമെന്നും യൂറോപ്യൻ ഭക്ഷ്യസംസ്കരണ കമ്പനികളും വിദേശ ചില്ലറ വില്പനക്കാരും തീരുമാനിക്കുന്നതാണ്. യൂറോപ്യൻ ബഹുരാഷ്ട്ര കമ്പനികളുമായി കിടപിടിക്കുന്നതിന് ഇൻഡ്യയിലെ കർഷകകർക്കും തൊഴിലാളികൾക്കും കഴിയുകയുമില്ല.

നമ്മുടെ പ്രദേശത്തേക്ക് മൂല്യവർദ്ധിത ഉല്പന്നങ്ങൾ വൻതോതിൽ കയറ്റുമതി ചെയ്യുന്നതിന് യൂറോപ്യൻ യൂണിയൻ ലക്ഷ്യമിടുന്നു. കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളും അനുബന്ധ വ്യവസായസേവനങ്ങളും വികസിപ്പിക്കാനുള്ള ഇൻഡ്യയുടെ ശ്രമത്തെ ഇത് കാര്യമായി ബാധിക്കുന്നതാണ്. സ്വതന്ത്രവ്യാപാര കരാറുകൾ ഒപ്പിടുന്നത് മൂലം ഗ്രാമീണ വ്യവസായങ്ങൾക്ക് ക്ഷതം സംഭവിക്കുകയും തൊഴിലില്ലായ്മ വർദ്ധിക്കുകയും ചെയ്യും. ഗ്രാമീണ മേഖലയിൽ നിന്ന് ആളുകൾ പലായനം ചെയ്യേണ്ടി വരും. വിതരണ മേഖലയിലെ ഉദാരവത്കരണം നഗരങ്ങളിലെ ചെറുകിട വില്പനക്കാരേയും പോലും ബാധിക്കുന്നതാണ്. 12 ദശലക്ഷം ചെറുകിട വില്പനശാലകൾ ഇൻഡ്യയിൽ പ്രവർത്തിക്കുന്നു എന്നാണ് ഔദ്യോഗിക കണക്ക്. അനൗദ്യോഗിക കണക്കുകൾ പ്രകാരം ഒട്ടനവധി പേർ കൂടി ഇത്തരം ചില്ലറ വില്പന രംഗത്തുണ്ട്.

ഇൻഡ്യയിലെ വൻകിട-ചെറുകിട ഉല്പാദനമേഖലയിൽ കൂടുതൽ തൊഴിലും തൊഴിലവസരങ്ങളും സൃഷ്ടിച്ച് ഉപജീവന പ്രക്രിയകൾ സംരക്ഷിക്കേണ്ടിയിരിക്കുന്നു. എന്നാൽ യൂറോപ്യൻ യൂണിയൻ നിർമ്മിത സാധനങ്ങളുടെ കടന്നുകയറ്റം മൂലം നമ്മുടെ വ്യാവസായിക ഉത്പാദന മേഖലയിൽ കഴിഞ്ഞ രണ്ടു ദശാബ്ദക്കാലത്തിനിടയിൽ തൊഴിലില്ലായ്മയും തൊഴിലില്ലായ്മ വർദ്ധനവും ഉണ്ടായിട്ടുണ്ട്.

457 മില്ല്യൺ അംഗബലമുള്ള ഇൻഡ്യൻ തൊഴിൽ ശക്തിയുടെ 92 ശതമാനവും യാതൊരു തൊഴിൽ സുരക്ഷയുമില്ലാതെ കുറഞ്ഞ വേതനത്തിൽ അനൗദ്യോഗിക മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഇൻഡ്യാ-യൂറോപ്യൻ കരാർ ഈ മേഖലയെയാണ് ഏറെയും ബാധിക്കുന്നത്. ഇത് ഇൻഡ്യയുടെ 11-ാം പദ്ധതി ലക്ഷ്യങ്ങൾക്ക് അനുസൃതമല്ല. വൈദഗ്ദ്ധ്യവും, വേതനവും കുറഞ്ഞ ജോലികളിൽ നിന്ന് തൊഴിലാളികൾക്ക് മോചനം നല്കുന്നതിനായി 2020 നകം 200 മില്ല്യൺ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കണമെന്നും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്നും ഇൻഡ്യൻ സർക്കാർ കണക്കുകൂട്ടുന്നു. ഇൻഡ്യാ-യൂറോപ്യൻ കരാർ വരുന്നതോടെ പുതിയ തൊഴിലവസരങ്ങൾക്കു ഭീഷണി ഉയർത്തുമെന്നു മാത്രമല്ല ഉപജീവനമേഖലാ തൊഴിലവസരങ്ങളെ ഭീകരമായി ബാധിക്കുകയും ചെയ്യും.

### 2) നമ്മുടെ ധാതുക്കൾക്കും ഇതര വിഭവങ്ങൾക്കും വേണ്ടിയുള്ള യൂറോപ്യൻ കമ്പനികളുടെ ദാഹം.

ക്രോമൈറ്റ്, മറ്റ് അപൂർവ്വ ധാതുക്കൾ ഉൾപ്പെടെയുള്ള ലോഹ മിനറലുകളുടെ ഉല്പാദനത്തിൽ ഇൻഡ്യ മൂന്നാം സ്ഥാനത്താണ്. ഇരുമ്പ്, ഇരുമ്പ് പാളികൾ അസംസ്കൃത ലതർ എന്നിവയുടെ കയറ്റുമതിക്ക് ഇപ്പോൾ നിയന്ത്രണങ്ങളുണ്ട്. ലോഹ മിനറലുകൾക്കുവേണ്ടി യൂറോപ്യൻ യൂണിയൻ ദാഹിക്കുന്നു. കരാറിലെ മുതൽമുടക്ക് കയറ്റുമതി നിയന്ത്രണം തുടങ്ങിയ വ്യവസ്ഥകളിൽ ലക്ഷ്യമിട്ട് ഇത്തരം പ്രകൃതി വിഭവങ്ങൾ സ്വായത്തമാക്കുന്നതിന് സ്വതന്ത്രവ്യാപാരക്കരാർ കളമൊരുക്കുന്നതാണ്. മുതൽ മുടക്ക് വ്യവസ്ഥകളുടെ ബലത്തിൽ യൂറോപ്യൻ കമ്പനികൾക്ക് മൈനിംഗ് അവസരം നല്കുകയും അതുവഴി യൂറോപ്യൻ മാർക്കറ്റിലേക്ക് അസംസ്കൃതധാതുക്കൾ കയറ്റുമതി ചെയ്യുകയുമാണെങ്കിൽ ഭൂമിയ്ക്കും ഉപജീവനത്തിനുമുള്ള പോരാട്ടങ്ങൾ രാജ്യത്ത് വർദ്ധിക്കുന്നതാണ്.

### 3) വ്യക്തതയില്ലാത്ത ലാഭങ്ങൾക്കു വേണ്ടി ഉപജീവന പ്രക്രിയകളെ വില്ക്കുന്നു.

യൂറോപ്യൻ യൂണിയനുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ ഇറക്കുമതി ചുങ്കം വർദ്ധിച്ച നിരക്കിലാണ്. ഇറക്കുമതിയുടെ നാലിൽ മൂന്നു ഭാഗത്തിനും യൂറോപ്യൻ യൂണിയന് നികുതിയിളവ് ലഭിക്കും. എന്നാൽ ഭക്ഷ്യം, ആരോഗ്യം, പരിസ്ഥിതി, ലേബലിംഗ്, പായിക്കിംഗ് എന്നിവയിലുള്ള അവരുടെ ഉയർന്ന സ്റ്റാന്റേർഡ് നമ്മുടെ കയറ്റുമതിക്ക് തടസ്സം സൃഷ്ടിക്കുകയും ചെയ്യും. അവരുടെ തദ്ദേശ ഉത്പാദനത്തിന്റെ സ്റ്റാന്റേർഡിന് കോട്ടം തട്ടാത്ത രീതിയിൽ അവിടെ ഇറക്കുമതി അനുവദിച്ചുകൊണ്ട് നമ്മുടെ ഇറക്കുമതി ചുങ്കത്തിൽ കുറവു വരുത്തുന്നതിന് സമ്മർദ്ദം ഉണ്ടാകും. ഇൻഡ്യയിലെ ശരാശരി ഇറക്കുമതി ചുങ്കം കൃഷിമേഖലയിൽ 32 ശതമാനവും ഫിഷറീസ്-വ്യാവസായിക മേഖലയ്ക്ക് 4 ശതമാനവും മാത്രമാണ്.

നികുതി അടയ്ക്കാതെ ചരക്കിന് പ്രവേശനം അനുവദിക്കാത്തതുകൊണ്ട് നികുതി ശേഖരണത്തിനുള്ള എളുപ്പ വഴിയാണ് ഇറക്കുമതി ചുങ്കം ചുമത്തൽ. യൂറോപ്യൻ യൂണിയൻ - ഇൻഡ്യാ കരാറും ചർച്ചയിലുള്ള മറ്റു കരാറുകളും സർക്കാരിന്റെ ഇറക്കുമതി ചുങ്കത്തിൽ ഭീമമായ കുറവ് വരുത്തുന്നതാണ്. ഇത് ദേശീയ ബജറ്റിനെ ബാധിക്കുന്നതാണ്. വിദ്യാഭ്യാസം, ആരോഗ്യം, എന്നീ സേവന മേഖലകളിലെ സർക്കാർ മുതൽ മുടക്കിനെ ഇത് സാരമായി ബാധിക്കുന്നതാണ്. നഷ്ടം നികത്തുന്നതിന് സർക്കാരിന് ആഭ്യന്തര നികുതികൾ ഉയർത്തേണ്ടി വരും.

### 4) മുതൽ മുടക്ക് സേവന മേഖലകളിൽ ഉദാരവത്കരണം

സേവന വ്യാപാരം, മുതൽ മുടക്ക് രംഗങ്ങളിൽ യൂറോപ്യൻ ബഹുരാഷ്ട്ര കമ്പനികൾ ലോകത്ത് പ്രബലരാണ്. കൃഷി, വൻകിട ഉത്പാദനം, സേവനം എന്നീ മേഖലകളിലെ നിലവിലുള്ളതും ഭാവിയിൽ വരുന്നതുമായ വ്യവസായങ്ങളെ സ്വതന്ത്ര വ്യാപാരകരാറിന്റെ 'സേവന', 'മുതൽ മുടക്ക്' വ്യവസ്ഥകൾ ബാധിക്കുന്നതാണ്. 'മുതൽ മുടക്കിന്' പുതിയ നിർവചനം നൽകണമെന്ന് യൂറോപ്യൻ യൂണിയൻ സമ്മർദ്ദം ചെലുത്തുന്നു. ഈ നിർവചനത്തിൽ മിനറൽ മൈനിംഗ്, ബൗദ്ധിക സ്വത്തവകാശം, ഓഹരി മുതൽ മുടക്ക്, സ്ഥാവര സ്വതന്ത്ര സ്വത്ത് എന്നിവ ഉൾപ്പെടണമെന്ന് അവർ ശഠിക്കുന്നു. ഇത്തരം വിശാല നിർവചനങ്ങൾ എല്ലാത്തരം ദേശീയ സ്വത്തിനേയും ബാധിക്കുന്നതാണ്. ലിസ്ബൺ ഉടമ്പടി വഴി യൂറോപ്യൻഭരണ ക്രമത്തിലുണ്ടായിരിക്കുന്ന മാറ്റങ്ങൾ മൂലം മുതൽ മുടക്ക് യത്നങ്ങൾക്ക് യൂറോപ്യൻ കമ്മീഷന് കൂടുതൽ അധികാരം ലഭിക്കുന്നുണ്ട്.

''സ്റ്റേറ്റിലെ മുതൽ മുടക്കുകാരൻ''എന്ന വ്യവസ്ഥ പ്രകാരം ഒരു യൂറോപ്യൻ കമ്പനിക്ക് അവർ ഉദ്ദേശിക്കുന്ന ലാഭം ലഭ്യമാകുന്നില്ലെങ്കിൽ ഭാരതസർക്കാരിനെതിരെ നിയമ നടപടികൾ കൈക്കൊള്ളുന്നതിന് അവർക്കവകാശമുണ്ടായിരിക്കും. യൂറോപ്യൻ യൂണിയന്റെ മുതൽ മുടക്ക് സേവന ഉദാരവത്കരണ ഫോർമുല ലോക വ്യാപാര സംഘടനാ വ്യവസ്ഥകളേക്കാൾ അധികരിച്ചവയാണ്. ഇത് സ്വതന്ത്ര വ്യാപാരത്തിന് തടസ്സം നിൽക്കുന്ന എല്ലാ ദേശീയ/സംസ്ഥാന/തദ്ദേശീയ നിയമങ്ങളേയും ഭേദഗതിയ്ക്ക് വിധേയമാക്കുന്നതാണ്.

യൂറോപ്യൻ ബാങ്കുകളുടെ ഉദാരമായ പ്രവേശനം മൂലം ആഭ്യന്തര ബാങ്കിംഗ് സേവനങ്ങൾക്ക് ഭൂമിശാസ്ത്രപരമായ, സാമൂഹ്യപരമായ, പ്രവർത്തനപരമായ സങ്കോചം ഉണ്ടാക്കുന്നതാണ്. നഗര കേന്ദ്രീകൃത യൂറോപ്യൻ ബാങ്കുകൾ വലിയ കോർപ്പറേഷനുകളേയും, വൻകിട വ്യക്തികളേയും മാത്രമേ ശുശ്രൂഷിക്കുകയുള്ളു. ഇൻഡ്യയിലെ വികസന/സാമൂഹ്യ ബാങ്കിംഗ് സിദ്ധാന്തങ്ങളേയും ഒഴിവാക്കണമെന്ന് യൂറോപ്യൻ ബാങ്കുകളും ഇതര വിദേശ ബാങ്കുകളും നിഷ്കർഷിക്കുന്നതാണ്. ഇത് ലളിത വായ്പാ സൗകര്യങ്ങളിൽ നിന്ന് ദരിദ്രരേയും ഗ്രാമീണ മേഖലയേയും ഒഴിവാക്കേണ്ടതാണ്.

### 5) ബൗദ്ധിക സ്വത്ത് സംരക്ഷണം

ബൗദ്ധിക സ്വത്ത് സംരക്ഷണത്തിനും അതിന്റെ നടത്തിപ്പിനും വേണ്ടി ഇൻഡ്യയുടെ നയങ്ങളിലും നിയമ വ്യവസ്ഥകളിലും മാറ്റങ്ങൾ വരുത്തുന്നതിന് യൂറോപ്യൻ യൂണിയൻ നിഷ്കർഷിക്കുന്നു. ഉദാഹരണത്തിന് കൃഷിക്കാർക്കുള്ള വിത്ത് അവകാശത്തിന് ബദലായി സ്വഭാവവ്യതിയാനം വരുത്തിയ വിത്തിനങ്ങൾ സ്വീകരിക്കണമെന്ന് “International Convention for protection of New Varieties of palants” ന്റെ വ്യവസ്ഥ ഇൻഡ്യ അംഗീകരിക്കണമെന്ന് യൂറോപ്യൻ യൂണിയൻ ആവശ്യപ്പെടും. ഈ ആവശ്യം നടപ്പിലാക്കുന്നതിനായി രാജ്യത്ത് ഇപ്പോൾ നിലവിലുള്ള 2001 ലെ വിള ഇനങ്ങളും സംരക്ഷണവും കർഷകരുടെ അവകാശങ്ങളും നിയമം മാറ്റം വരുത്തേണ്ടി വരും. ഫലമോ, വാണിജ്യ പ്രാധാന്യമുള്ള വിത്തിനങ്ങളുടെ വില കുതിച്ചുയരുമെന്നു മാത്രമല്ല, നമ്മുടെ ബയോഡൈവേഴ്സിറ്റിയെ ബാധിക്കുകയും ചെയ്യും. ബൗദ്ധികാവകാശ വ്യവസ്ഥ കർശനമായി നടപ്പിലാക്കണമെന്ന് യൂറോപ്യൻ യൂണിയൻ ആവശ്യപ്പെടുമ്പോൾ ന്യായവിലക്ക് മരുന്നുകൾ ലഭ്യമാക്കുന്ന ഇൻഡ്യയുടെ കരുത്തിനെ ബാധിക്കുന്നതാണ്. ഇൻഡ്യയിലെ ഗ്രാമീണ ബാദ്ധ്യതയുടെ പ്രധാന കാരണം മരുന്നു വിലയാണ്. ആരോഗ്യ പരിരക്ഷ ചെലവിന്റെ 70% മരുന്നു വില മാത്രമാണ്. മരുന്നിന്റെ ലഭ്യതയിലും ന്യായവിലയിലും മാറ്റം വരുത്തുന്നത് ഭൂരിപക്ഷം ഇൻഡ്യാക്കാർക്കും മഹാവിപത്തായിരിക്കും. പൗരവകാശ സംരക്ഷണം വേണമെന്ന യൂറോപ്യൻ യൂണിയന്റെ ആവശ്യം നമ്മുടെ വിജ്ഞാനലഭ്യതയിൽ കുറവ് വരുത്തുന്നതാണ്.

### 6) സർക്കാർ സംഭരണത്തിലും ഉദാരവത്കരണം

രാജ്യത്തെ ജി.ഡി.പി യുടെ 13% സർക്കാർ സംഭരണത്തിനായി ഉപയോഗിക്കുന്നു. ഇത് തുറന്നുകൊടുക്കണമെന്ന് യൂറോപ്യൻ യൂണിയൻ ശഠിക്കുന്നു. അവികസിതമേഖലകളിലെ സാമ്പത്തിക ഉന്നമനം, ആഭ്യന്തര ഉല്പാദന വർദ്ധനവ്, സാമ്പത്തിക മാന്ദ്യ മോചനം എന്നിവ സാധ്യമാക്കുന്നതിനാണ് സർക്കാർ സംഭരണം സഹായകമാകുന്നത്. തദ്ദേശ കമ്പനികൾക്ക് വ്യാപാരത്തിനും സേവനത്തിനും ധനം ലഭ്യമാക്കുന്ന സർക്കാർ ഇടപെടലുകൾ പാർശ്വവത്കൃതമേഖലകൾക്കും ദരിദ്ര സംസ്ഥാനങ്ങൾക്കും ചെറുകിടസംരംഭകർക്കും എപ്പോഴും താങ്ങും തണലുമാകുന്നുണ്ട്. എന്നാൽ ഈ മേഖല പൂർണ്ണമായും യൂറോപ്യൻ കമ്പനികൾക്ക് തുറന്നു കൊടുക്കുന്നത് പാർശ്വവത്കൃതമേഖലാ വികസനത്തേയും സാമ്പത്തികമാന്ദ്യ ഇടപെടലുകളേയും ബാധിയ്ക്കുന്നു.

### 7) കിട മാത്സര്യം – എപ്പോഴും യൂറോപ്യൻ യൂണിയൻ ബഹുരാഷ്ട്ര കമ്പനികളുടെ പ്രയോജനത്തിനായി

കിട മത്സരം സാധ്യമാക്കുന്ന നിയമങ്ങളും നയങ്ങളും കൊണ്ടുവരിക കരാർ ചർച്ചകളുടെ ഭാഗമാണ് 'മത്സരനയങ്ങൾ' രാജ്യത്തിന്റെ വികസനത്തിന് വഴിയൊരുക്കുമെങ്കിലും വികസിതരാജ്യങ്ങൾ ഇതിനായി മുന്നോട്ടു വയ്ക്കുന്ന മോഡൽ വിപരീത ഫലമാണ് തരുന്നത്. തദ്ദേശ മാർക്കറ്റിൽ മാത്സര്യബുദ്ധിയോടെ ഇടപെടുന്നതിന് ബഹുരാഷ്ട്ര കമ്പനികൾക്ക് അവസരം സൃഷ്ടിക്കുന്ന നയങ്ങൾ ഉണ്ടാകണമെന്ന് യൂറോപ്യൻ യൂണിയൻ ശഠിയ്ക്കുന്നു. ഈ രംഗത്ത് യൂറോപ്യൻ യൂണിയന്റേയും ഇൻഡ്യയുടേയും നിയമങ്ങൾ സമരസപ്പെടുത്തി, യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക ഉന്നമനം സാധ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ യൂറോപ്യൻ യൂണിയൻ നടത്തും.

ശേഷം 4-ാം പേജിൽ

# ഉൾനാടൻ ഫിഷറിബില്ലും മത്സ്യത്തൊഴിലാളികളും സെമിനാർ നടത്തി



മാവേലിക്കര: വിശാലമായ ഉൾനാടൻ ജലാശയങ്ങളും അതിനെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുവാനും ഉതകുന്ന തരത്തിൽ ഉൾനാടൻ ഫിഷറി ബിൽ തിരുത്തിയെഴുതണമെന്ന് എം.മുരളി എം.എൽ.എ. ആവശ്യപ്പെട്ടു. ടൂറിസം വ്യവസായത്തെ മാത്രം ലാക്കാക്കിയുള്ള നിർദിഷ്ട ബിൽ നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ അതിനെ എതിർക്കുമെന്നും അദ്ദേഹം പറഞ്ഞു. കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ ആലപ്പുഴ ഉൾനാട് ജില്ലാകമ്മിറ്റി ചെറുകോൽ സെന്റ് മേരീസ് ഹാളിൽ സംഘടിപ്പിച്ച സെമിനാർ ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുൻ ഫിഷറീസ് ജോയിന്റ് ഡയറക്ടർ എസ്. രവീന്ദ്രൻ നായർ വിഷയാവതരണം നടത്തി. ജില്ലാ പ്രസിഡന്റ് പി.സി. ബെൻ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പി.പി.ജോൺ മോഡറേറ്റ് ചെയ്ത പാനൽ ചർച്ചയിൽ ജി. പീറ്റർ, ജെയിംസ് പായിപ്പാട്, തോബിയാസ് പാണ്ടനാട്, ലീൻ ചെറുകോൽ, ഷാജി ചങ്ങനാശ്ശേരി, വിൻസെന്റ് ചെറുകോൽ, അനിതാ മാത്യു, ഷീല തോമസ് എന്നിവർ പ്രസംഗിച്ചു. എം.വൈ. യേശുദാസ് സ്വാഗതവും സണ്ണി ആന്റണി കൃതജ്ഞതയും പറഞ്ഞു.

# കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്ക് കേരള റീജൻ ലാറ്റിൻ കാത്തലിക് കൗൺസിൽ നൽകിയ അവകാശ പത്രികയിൽ നിന്നും

1. ഭൂരഹിതമായ തോട്ടം തൊഴിലാളികൾക്കും തീരദേശവാസികൾക്കും, പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന അസംഘടിത-പിന്നോക്ക ജനവിഭാഗങ്ങൾക്കും വാസയോഗ്യമായ ഭവനം നിർമ്മിക്കാനാവശ്യമായ ഭൂമി അനുവദിക്കുക.
2. മത്സ്യമേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ സ്വതന്ത്രചുമതലയുള്ള മന്ത്രാലയം രൂപീകരിക്കണം. എണ്ണായിരത്തിൽപരം കിലോമീറ്റർ ദൈർഘ്യമുള്ള കടൽത്തീരത്തും ഉൾനാടൻ മത്സ്യമേഖലയിലുമായി 10 ദശലക്ഷത്തോളം മത്സ്യത്തൊഴിലാളികളാണുള്ളത്. ആദിവാസി ദലിത് ജനവിഭാഗങ്ങളെപ്പോലെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. മൊത്തം ദേശീയ വരുമാനത്തിന്റെ ഒന്നര ശതമാനവും വിദേശനാണ്യത്തിൽ ഗണ്യമായ ഭാഗവും നേടിത്തരുന്ന മത്സ്യത്തൊഴിലാളികളുടെ വികസനം അവഗണിക്കപ്പെടുകയാണ്. സമീപകാലത്ത് പല മന്ത്രാലയങ്ങളുമാണ് കടലും, കടൽത്തീരവും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട നിയമനിർമ്മാണ ശ്രമങ്ങളുമായി മുന്നോട്ടുവന്നത്. ഈ നിയമങ്ങളിലെ വ്യവസ്ഥകൾ പലതും മത്സ്യത്തൊഴിലാളികളുടെ മൗലികാവശ്യങ്ങളെ നിരാകരിക്കുന്നവയുമാണ്. ഒരു സ്വതന്ത്ര മന്ത്രാലയം ഉണ്ടായിരുന്നെങ്കിൽ നിയമനിർമ്മാണ ശ്രമങ്ങൾക്ക് ആവശ്യമായ ഏകോപനം നൽകി ഇത്തരം ബുദ്ധിമുട്ടുകൾ ഒഴുവാക്കാമായിരുന്നു. ആയതിനാൽ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായി കേന്ദ്ര സർക്കാരിൽ സ്വതന്ത്ര ചുമതലയുള്ള മന്ത്രാലയം എത്രയും വേഗത്തിൽ രൂപീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.
3. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് തീരദേശത്തിന്റെയും ഉൾനാടൻ മത്സ്യമേഖലയുടെയും സമഗ്ര വികസനത്തിനുതകുന്ന വികസന പാക്കേജ് (വിദർഭ, കുട്ടനാട്, ഹൈറേഞ്ച് മോഡൽ) കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിക്കുക. അതിനായി സംസ്ഥാന സർക്കാർ ആവശ്യമായ സമ്മർദ്ദം ചെലുത്തുക.
4. കടലാക്രമണം ദേശീയപ്രകൃതി ദുരന്തമായി കണക്കാക്കി അടിയന്തിരമായി ശാസ്ത്രീയമായ പുലിമുട്ടോടുകൂടിയ കടൽഭിത്തി, കണ്ടൽകാടുകൾ തുടങ്ങിയ പ്രതിരോധ സംവിധാനങ്ങൾ കടൽത്തീരത്ത് നടപ്പിലാക്കുകയും പുനരധിവാസ പ്രക്രിയക്ക് സ്ഥിരം സംവിധാനം ഉറപ്പുവരുത്തുകയും കടൽക്ഷോഭത്തിൽ ഇരയാകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുകയും ചെയ്യുക.
5. വിനാശകരമായ മത്സ്യബന്ധന രീതികൾ, അമിത ചൂഷണം, മലിനീകരണം, ആഗോളതാപനം എന്നിവമൂലം മത്സ്യസമ്പത്തിന് ശോഷണം ഉണ്ടായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കടലും തീരവും മത്സ്യസമ്പത്തും സംരക്ഷിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കുക.
6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സഹായകരമാകുന്ന മിനിഫിഷിംഗ് ഹാർബറുകൾ ശാസ്ത്രീയമായി തീരപ്രദേശങ്ങളിൽ നിർമ്മിക്കുകയും സംസ്കരണ വിപണന സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
7. കടലിലും ഉൾനാടൻ ജലാശയങ്ങളിലും മീൻപിടിക്കുവാനുള്ള അവകാശം മത്സ്യത്തൊഴിലാളി സമൂഹത്തിനാണെന്നും മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികൾക്കാണെന്നും ഉറപ്പുവരുത്തുന്ന നിയമം കൊണ്ടുവരിക.
8. കേന്ദ്രസംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി ബഹുഭൂരിപക്ഷം മത്സ്യത്തൊഴിലാളികൾക്കും നിഷേധിക്കപ്പെട്ടിരിക്കുന്ന പശ്ചാത്തലച്ചിൽ മത്സ്യത്തൊഴിലാളി ക്ഷേമ നിധി അംഗങ്ങളായിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളുടെയും കടബാദ്ധ്യതകൾ എഴുതിത്തള്ളുക.
9. തീരദേശ നിയന്ത്രണ നിയമത്തിന്റെ അടിസ്ഥാനത്തിൽ തീരദേശവാസികൾക്ക് ഭവനങ്ങൾ നിർമ്മിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പിൻവലിക്കുക.
10. കടലോര പ്രദേശത്ത് വൻകിട ടൂറിസം-വാണിജ്യ സമുച്ചയങ്ങൾ അനുവദിക്കാതിരിക്കുക. വികസന പദ്ധതികൾക്കായി കുടിയൊഴിപ്പിക്കേണ്ട സാഹചര്യത്തിൽ പുനരധിവാസ ക്രമീകരണത്തിനുശേഷം മാത്രം ഭൂമി ഏറ്റെടുക്കുക. മൂലമ്പള്ളിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം എത്രയും വേഗം പൂർത്തിയാക്കണം.
11. സുനാമി ഫണ്ടിന്റെ വിനിയോഗത്തിന് കാലതാമസം അവസാനിപ്പിക്കുകയും ഫണ്ട് കടലോര നിവാസികൾക്കുമാത്രമായി പരിമിതപ്പെടുത്തുകയും ചെയ്യുക. സമുനാമി ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണം നടത്തി വകമാറ്റി ചെലവഴിക്കപ്പെട്ട തുകയ്ക്ക് തുല്യമായ പരിഹാര നടപടികൾ സ്വീകരിക്കുക.
12. തീരദേശത്തിന്റെയും തീരദേശവാസികളുടെയും സമഗ്രവും സുസ്ഥിരവുമായ വികസനം ഉറപ്പുവരുത്തുന്നതിന് ഉതകുന്ന തീരദേശവികസന അതോറിറ്റി രൂപീകരിക്കാൻ കേരള സർക്കാർ സത്വര നടപടി സ്വീകരിക്കുക. പ്രസ്തുത സംവിധാനത്തിന്റെ നേതൃത്വത്തിൽ തീരദേശവാസികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുക.
13. കൊച്ചിയിലെ കടൽത്തീരത്തിന്റെ സുരക്ഷയ്ക്കാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുക.

## കത്തുകൾ

എഡിറ്റർ, അലകൾ

അലകൾ മുടക്കം കൂടാതെ ലഭിക്കുന്നതിൽ സന്തോഷം. മത്സ്യമേഖല വാർത്തകൾ അറിയാൻ അലകൾ ഉപകരിക്കുന്നുണ്ട്. അലകളുടെയും ഫെഡറേഷന്റെയും പ്രവർത്തനങ്ങൾക്കായി എന്റെ എളിയ സംഭാവനയായ 5000 രൂപ ഇതോടൊപ്പം അയക്കുന്നു.

അബിലീസ് ഫ്രാൻസിസ്
*ശില്പി കൺസ്ട്രക്ഷൻസ്*
*തിരുവനന്തപുരം*

❖ ❖ ❖

അലകൾ കൃത്യമായി ലഭിക്കുന്നുണ്ട്. അലകൾ ഫെഡറേഷന്റെ പ്രവർത്തനങ്ങൾക്ക് ആവേശമായി മാറട്ടെ. എന്റെ സംഭാവനയായി 1000 രൂപ അയക്കുന്നു.

ബെനാൻസൺ ഡിസിൽവ
*തിരുവനന്തപുരം*

❖ ❖ ❖

അലകൾക്ക് സംഭാവനയായി 200 രൂപ അയക്കുന്നു.

എബ്രഹാം അറയ്ക്കൽ
*ആലപ്പുഴ*

❖ ❖ ❖

അലകൾ സമയാസമയങ്ങളിൽ അയയ്ച്ചു തരുന്നത് ഏറെ പ്രയോജനം ചെയ്യുന്നുണ്ട്. ഫെഡറേഷന്റെ പ്രവർത്തനങ്ങൾക്കായി 1000 രൂപ അയക്കുന്നു.

ആൻസലം
കൊല്ലം

❖ ❖ ❖

മത്സ്യമേഖലാ വാർത്തകൾ യഥാസമയം അലകളിലൂടെ ലഭിക്കുന്നു. ഫെഡറേഷന് ഞങ്ങളുടെ എളിയ സംഭാവന ഇനത്തിൽ 1000 രൂപ അയക്കുന്നു.

സിക്രം സുഹൃത്തുക്കൾ
*ബാംഗ്ലൂർ*

**നാഷണൽ അലയൻസ് ഓഫ് പീപ്പിൾസ് മൂവ്മെന്റിന്റെ സംസ്ഥാന സമ്മേളനവും ജനകീയ സമരസംഘങ്ങളുടെ കൂട്ടായ്മയും 2010 ആഗസ്റ്റ് 6, 7 തീയതികളിൽ തൃശൂർ റീജിയണൽ തീയേറ്ററിൽ മേധാപട്കർ പങ്കെടുക്കുന്നു.**

# കടലും തീരവും സംരക്ഷിക്കാൻ ജനകീയ കൂട്ടായ്മ

തോപ്പുംപടി: പരിസ്ഥിതി മലിനീകരണവും ആഗോള താപനവും അമിത ചൂഷണവും വിനാശകരമായ മത്സ്യബന്ധന രീതികളും മത്സ്യസമ്പത്തിന്റെ നിലനിൽപിനെ പ്രതികൂലമായി ബാധിക്കുന്നതിനാൽ കടലും തീരവും സംരക്ഷിക്കാൻ ശാസ്ത്രീയ സമീപനം കൈക്കൊള്ളാൻ സർക്കാരും മത്സ്യത്തൊഴിലാളി സമൂഹവും തയ്യാറാകുമെന്ന് എറണാകുളം തോപ്പുംപടിയിൽ കെ.സി.വൈ.എം. സംഘടിപ്പിച്ച ജനകീയ കൂട്ടായ്മ അഭ്യർത്ഥിച്ചു. കെ.പി. ധനപാലൻ എം.പി. ഉത്ഘാടനം ചെയ്തു. ജീവനാദം ചീഫ് എഡിറ്റർ ഇഗ്നേഷ്യസ് ഗോൺസാൽവസ് വിഷയാവതരണം നടത്തി. കെ.വി. ഇബ്രാഹീം കുഞ്ഞ് എം.എൽ.എ., ഫാ. സിറ്റീഫൻ ജി. കുളക്കായത്തിൽ, വി.ദിനകരൻ (ധീവര സഭ), ടി.പീറ്റർ (കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ), കെ.ജെ. ആന്റണി (സി.ഐ.ടി.യു മത്സ്യതൊഴിലാളി യൂണിയൻ), എ.സി. ക്ലാരൻസ് (മത്സ്യതൊഴിലാളി കോൺഗ്രസ്), ഫാ. വി.പി. ജോസഫ് എന്നിവർ പ്രസംഗിച്ചു. ഷാജി ജോർജ് അദ്ധ്യക്ഷതവഹിച്ചു നെൽസൺ കോച്ചേരി സ്വാഗതവും കെ.എ. സന്തോഷ് നന്ദിയും പറഞ്ഞു. കെ.സി.വൈ.എം. സംഘടിപ്പിച്ച "മരിക്കുന്ന കടലമ്മ" എന്ന ഡോക്യുമെന്ററി പ്രദർശനവും ഫോട്ടോ പ്രദർശനവും ജനങ്ങളെ ഏറെ ആകർഷിച്ചു.

# കടലാക്രമണം തടയാൻ പുലിമുട്ടുകൾ നിർമ്മിക്കുക



കൊല്ലം: കാക്കതോപ്പുമുതൽ താന്നിനവരെയുള്ള തീരദേശങ്ങളിൽ കടലാക്രമണം തടയാൻ 150 മീറ്റർ നീളത്തിൽ പുലിമുട്ടുകൾ നിർമ്മിക്കുക. കടലാക്രമണത്തിൽ കട്ടമരം, വല എന്നിവ നഷ്ടപ്പെട്ടവർക്ക് അടിയന്തിര ധനസഹായം നൽകുക. ഭൂമിയും തെങ്ങിൻ തോപ്പുകളും നഷ്ടപ്പെട്ടവർക്ക് അനുയോജ്യമായ സ്ഥലത്തു ഭൂമിനൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് മത്സ്യതൊഴിലാളികൾ കളക്ട്രേറ്റിലേയ്ക്ക് മാർച്ചുചെയ്തു.

കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ടി.പീറ്റർ മാർച്ച് ഉദ്ഘാടനം ചെയ്തു. കടലാക്രമണം തടയാൻ ശാസ്ത്രീയ സമീപനമാണ് കൈക്കൊള്ളേണ്ടതും പുലിമുട്ടോടുകൂടിയ കടൽഭിത്തി നിർമ്മിക്കുന്നതോടൊപ്പം മത്സ്യതൊഴിലാളികളുടെ പുനഃരധിവാസം ഉറപ്പാക്കാൻ സർക്കാർ നടപടികൈക്കൊള്ളണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. തീരദേശവാസികളോടുള്ള അവഗണന തുടർന്നാൽ ശക്തമായ പ്രക്ഷോഭത്തിന് ഫെഡറേഷൻ നേതൃത്വം നൽകുമെന്ന് അദ്ദേഹം പറഞ്ഞു.

ജില്ലാ പ്രസിഡന്റ് എസ്. ഫ്രാൻസിസ്, ജില്ലാ സെക്രട്ടറി എ. ആൻട്രൂസ്, എം. അബ്രോസ്, എസ്. ജെയിംസ്, എസ്. സ്റ്റീഫൻ, തീരദേശ സംരക്ഷണ സമിതി കൺവീനർ സി.പീറ്റർ എന്നിവർ പ്രസംഗിച്ചു. ഇരവിപുരത്ത് നിന്നും ആരംഭിച്ച പ്രകടനം ഫാ. ജെയ്സൺ ജോയി ഉത്ഘാടനം ചെയ്തു.

കൊല്ലം ഇരവിപുരം കാക്കതോപ്പ്, താന്നി എന്നിലിടങ്ങളിലെ കടലാക്രമണം തടയാൻ മുന്തിയ പരിഗണന നൽകുമെന്ന് ഇറിഗേഷൻ വകുപ്പ് മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ നിവേദക സംഘത്തിന് ഉറപ്പ് നൽകി.

# ഉൾനാടൻ ഫിഷറിബിൽ തിരുത്തിയെഴുതണം - ഫെഡറേഷൻ

തിരുവനന്തപുരം: ഉൾനാടൻ ഫിഷറി ബിൽ തിരുത്തിയെഴുതണമെന്നാവശ്യപ്പെട്ട് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ വാഹന പ്രചരണ ജാഥ നടത്തി. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ടി. പീറ്റർ, ജനറൽ സെക്രട്ടറി പി.പി. ജോൺ, ജാക്സൺ പൊള്ളയിൽ എന്നിവരുടെ നേതൃത്വത്തിൽ എറണാകുളം ഇടക്കൊച്ചിയിൽ നിന്നും ആരംഭിച്ച പ്രചരണ ജാഥയ്ക്ക് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ വമ്പിച്ച സ്വീകരണമാണ് ലഭിച്ചത്. തുടർന്ന് സെക്രട്ടറിയേറ്റ് നടയിൽ മത്സ്യതൊഴിലാളികൾ 24 മണിക്കൂർ സത്യാഗ്രഹ സമരം നടത്തി. ടി. പീറ്റർ സത്യാഗ്രഹ സമരം ഉത്ഘാടനം ചെയ്തു.

പി.പി. ജോൺ, എം. അംബ്രോസ്, വലേരിയൻ ഐസക്, ജായ്സൺ പൊള്ളയിൽ, ആന്റോ എലിയാസ്, ജെ.പി. ജോൺ, പി.ഐ. ബെന്നി, ഫ്രാൻസിസ് പുരമല, എലിസബത്ത് ആന്റണി, മാഗ്ളിൻ പീറ്റർ, ഗേളി ജോൺ എന്നിവർ പ്രസംഗിച്ചു.

2-ാം പേജ് തുടർച്ച

**8) സ്വതന്ത്ര വ്യാപാര കരാർ പരസ്പരാലോചനകൾ - നടപടി ക്രമങ്ങൾ ജനാധിപത്യവിരുദ്ധം/നിരുത്തരവാദപരം**

സ്വതന്ത്രവ്യാപാര കരാറുകൾ പ്രാവർത്തികമാക്കുന്നതിനു പിന്നിലെ ദീർഘവീക്ഷണം എന്താണന്ന് സർക്കാർ ഇനിയും സ്പഷ്ടമാക്കേണ്ടിയിരിക്കുന്നു. ഓരോ കരാറിന്റേയും വിശദവിവരങ്ങൾ ഇനിയും പങ്കുവയ്ക്കേണ്ടിയിരിക്കുന്നു. വിവിധ മുഖ്യമന്ത്രിമാരുടെ അഭിപ്രായം ആരായാതെയാണ് ആസിയാൻ സ്വതന്ത്ര വ്യാപാര കരാർ ഒപ്പിട്ടത്. 1200 പേജുള്ള കൊറിയ- ഇൻഡ്യാ സ്വതന്ത്ര വ്യാപാര കരാർ 2009 ആഗസ്റ്റിൽ വളരെ യോഗ്യമായാണ് സർക്കാർ ഒപ്പിട്ടത്. ഭരണഘടനാപ്രകാരം സ്റ്റേറ്റ് ലിസ്റ്റിലോ, കൺകറന്റ് ലിസ്റ്റിലോ ഉൾപ്പെട്ട ഒട്ടനവധി വിഷയങ്ങൾ സംസ്ഥാനങ്ങളോട് ആലോചിക്കാതെയും പാർലമെന്റിൽ ചർച്ച ചെയ്യാതെയും കേന്ദ്ര സർക്കാർ തന്നിഷ്ടപ്രകാരം പ്രാവർത്തികമാക്കുന്നു. സിവിൽ സൊസൈറ്റി ഗ്രൂപ്പുകൾക്കും പൊതുജനങ്ങൾക്കും വിവരങ്ങൾ നിഷേധിക്കുന്ന നിലപാടാണ് യൂറോപ്യൻ യൂണിയനും ഇൻഡ്യയും സ്വീകരിക്കുന്നത്. ജനാധിപത്യ പ്രക്രിയയുടേയും, നയരൂപീകരണത്തിന്റേയും, നിയമനിർമ്മാണത്തിന്റേയും അടിസ്ഥാന തത്വങ്ങൾ ബലികഴിക്കപ്പെടുന്നു. സുതാര്യതയും ഉത്തരവാദിത്തവും പൂർണ്ണമായും നിഷേധിക്കപ്പെടുന്നു. സ്വതന്ത്ര വ്യാപാര കരാറിനെ സംബന്ധിച്ചുള്ള പഠനങ്ങൾ പങ്കു വയ്ക്കുന്നതിന് പോലും സർക്കാർ തയ്യാറാകുന്നില്ല. <u>ഉപജീവനം, ഭക്ഷ്യസുരക്ഷ, ആരോഗ്യപരിരക്ഷ, സാമ്പത്തിക സുരക്ഷ എന്നിവയ്ക്ക് യൂറോപ്യൻ യൂണിയൻ - ഇൻഡ്യാ സ്വതന്ത്ര വ്യാപാര കരാർ ഭീഷണി ഉയർത്തി കഴിഞ്ഞു.</u>

സ്വതന്ത്ര വ്യാപാര കരാർ തന്ത്രം മൂലം വൻ സാമ്പത്തിക മുറിവുകൾ രാജ്യത്ത് ഉണ്ടാകുന്നതാണ്. ഭക്ഷ്യസുരക്ഷ, ആരോഗ്യപരിരക്ഷ, ഉപജീവനം എന്നിവയ്ക്ക് സംഭവിക്കാവുന്ന ആഘാതങ്ങളെക്കുറിച്ച് വിശദമായ വിശകലനം ആവശ്യമാണ്. നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുള്ള സർക്കാരിന്റെ അവകാശം കൈമാറ്റം ചെയ്യപ്പെടുകയാണ്. ഇപ്പോഴത്തെ, 'സ്വതന്ത്ര വ്യാപാര മുതൽമുടക്ക്' നയങ്ങൾക്ക് ജനം കനത്ത വില നൽകേണ്ടി വരും. സ്വതന്ത്ര വ്യാപാര കരാർ തന്ത്രങ്ങളെപ്പറ്റി പൊതു ചർച്ചയ്ക്ക് സർക്കാർ തയ്യാറാകാതിരിക്കുന്നതും, കരാറുകളുടെ കൂടിയാലോചനകളിൽ സുതാര്യതയും പൊതു ചർച്ചയും ഇല്ലാതിരിക്കുന്നതും അതീവ ഉത്ഘണ്ഠ ഉളവാക്കുന്ന കാര്യങ്ങളാണ്.

<u>**യൂറോപ്യൻ യൂണിയൻ - ഇൻഡ്യാ വ്യാപാര കരാർ ചർച്ചകൾ താഴെ പറയുന്നവ സാധ്യമാകുന്നതുവരെ നിർത്തി വയ്ക്കേണ്ടതാണ്.**</u>

1. ഇതുവരെയുള്ള ചർച്ചാ നിലപാടുകളും അതിൻമേലുള്ള സർക്കാരിന്റെ പഠനവും വെളിപ്പെടുത്തി പൊതു ചർച്ചയ്ക്ക് വിധേയമാക്കുക.
2. ചർച്ചയിലെ നിർദ്ദേശങ്ങൾ പാർലമെന്റിലും സംസ്ഥാന സർക്കാരുമായും ചർച്ചയ്ക്ക് വിധേയമാക്കി അഭിപ്രായ സമന്വയത്തിലെത്തുക.
3. കരട് രേഖകൾ സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കി, അവരുമായി കൂടിയാലോചനകൾ നടത്തി ഒരു അഭിപ്രായസമന്വയം ഉണ്ടാക്കുക.
4. തൊഴിൽ സംഘടനകൾ, കർഷകർ, സ്ത്രീകൾ, ദളിതർ, ആദിവാസികൾ, ആരോഗ്യമേഖലാ സംഘടനകൾ, ചെറുകിടഇടത്തരം സംരംഭകർ, സഹകരണ സംഘങ്ങൾ, കച്ചവടക്കാർ, ജനകീയ സംഘടനകൾ എന്നിവരുടെ പ്രതിനിധികളുമായി കൂടിയാലോചനകളും ചർച്ചകളും നടത്തുക.
5. കേന്ദ്രസർക്കാർ ഇപ്പോൾ നടത്തി വരുന്ന വിവേചനാപരമായ കരാർ ചർച്ചകൾ, സമൂഹ്യ സാമ്പത്തിക- പരിസ്ഥിതി മേഖലകളിൽ ഉളവാക്കുന്ന ആഘാതങ്ങളെപ്പറ്റി ഒരു ധവള പത്രം തയ്യാറാക്കി, ആയത് പാർലമെന്റിൽ ചർച്ചയ്ക്കു വിധേയമാക്കുക. ●

**സ്വതന്ത്ര വ്യാപാര കരാറുകളെ എതിർക്കുന്ന ഫോറം**

Printed and Published for Thiruvananthapuram District Fishermen's Union (Reg. No. 93/80) at Caxton Press, Vettucaud, Thiruvananthapuram, Ph: 2500685
Editor : T. Peter, Phone : 0471-6541985, Mobile : 9447429243, E-mail: admin@alakal.net, peter.ksmtf@gmail.com